**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

നം.ഡിഡി3/266/2017/തസ്വഭവ

തിരുവനന്തപുരം, തീയതി: 03.10.2017.

**സർക്കുലർ**

വിഷയം:-കുടുംബശ്രീ - ഗാന്ധി ജയന്തി-ഗ്രാമസമൃദ്ധി സ്വച്ഛതാ പക്ഷാചരണം 01.10.2017 മുതൽ 15.10.2017 വരെ - സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

-----------------------

ഒക്ടോബർ 1 മുതൽ 15 വരെ ഗ്രാമസമൃദ്ധി സ്വച്ഛതാ പക്ഷാചരണം ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതു സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചിത്വദിനം സംഘടിപ്പിക്കുന്നതിനും വികസന പരിപാടികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ശുചിത്വദിനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പി.എം.എ.വൈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ പ്രകാരം പുതിയ പ്രവൃത്തികൾക്ക് തുടക്കമിടുന്നതിനും തുടക്കമിട്ട പ്രവൃത്തികളുടെയും പ്രോജക്ടുകളുടെയും നിർവഹണം ഊർജ്ജിതപ്പെടുത്തുന്നതിനും നിർവഹണം അന്തിമഘട്ടത്തിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമസമൃദ്ധി സ്വച്ഛതാ പക്ഷാചരണം എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകളിലും ആചരിക്കേണ്ടതാണ്.

ഗ്രാമസമൃദ്ധി-സ്വച്ഛതാ പക്ഷാചരണ **വാരത്തിൽ ഓരോ ദിവസവും സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.**

ഗ്രാമസമൃദ്ധി-സ്വച്ഛതാ പക്ഷാചരണ പ്രവർത്തനങ്ങൾ

| തീയതി | പരിപാടി |
|---|---|
| 2017 ഒക്ടോബർ 1 | 1.കാമ്പെയിനെക്കുറിച്ച് പൊതു വിവരങ്ങൾ<br>2. സാനിട്ടേഷൻ കാമ്പെയിനിൽ നീണ്ട ഇടവേള വരുന്നത് സംബന്ധിച്ച് |
| 2017 ഒക്ടോബർ 2 | 1. പ്രഭാത ഭേരികൾ, സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് സ്കൂൾ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച്.<br>2. മേൽ പറഞ്ഞതിനോടൊപ്പം ബാലസഭകളും സംഘടിപ്പിക്കണം.<br>3. ഗ്രാമസഭകൾ<br>എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിലും, നടപ്പു സാമ്പത്തിക വർഷത്തിലും ആദ്യ 6 മാസത്തിൽ നടന്ന വർക്കി ന്റെ അവതരണം.<br>ബി) ജി.പി.ഡി.പി അവലോകനം<br>സി) മിഷൻ അന്ത്യോദയയുടെ കീഴിൽ ബെയ്സ് ലൈൻ റാങ്കിംഗിനെക്കുറിച്ച് ഗ്രാമ പഞ്ചായത്തുകളെ അറിയിക്കൽ.<br>4.ഗ്രാമപഞ്ചായത്ത് കൗൺസിൽ മീറ്റിംഗുകൾ<br>5. റോഡ് മാപ്പ് തയ്യാറാക്കൽ<br>എ) ശുചിത്വ - ഹരിത ഗ്രാമങ്ങൾ<br>ബി) ഗ്രാമ സമൃദ്ധി<br>6. ഫിലിം പ്രദർശനങ്ങൾ, തെരുവു നാടകങ്ങൾ എന്നിവ പോലുള്ള സാംസ്കാരിക പരിപാടികൾ (വൈകുന്നേരങ്ങളിൽ) |
| 2017 ഒക്ടോബർ 3 മുതൽ 7 വരെ | <u>സാനിട്ടേഷൻ കാമ്പെയിൻ</u><br>1.ശുചിയായ ഹരിത ഗ്രാമം, വില്ലേജ് ക്ലീൻ അപ് ഡ്രൈവ്, റോഡരികിൽ നിന്നും പൊതുസ്ഥലങ്ങളിൽ നിന്നും ഗാർബേജ് നീക്കൽ, ഡ്രെയിനേജ് നീക്കൽ.<br>2. ഉൾഗ്രാമങ്ങളിലെ റോഡുകളുടെ ശുചിയാക്കലും അറ്റകുറ്റപ്പണികൾ.<br>3. സംസ്ഥാനത്തിന് സാനിട്ടേഷനിൽ സംസ്ഥാന ജില്ലാ പരിപാടികൾ ഏറ്റെടുക്കാവുന്നതാണ്.<br>എ) കഴുകൽ<br>ബി) സ്കൂളുകളിലെ എം.ഡി.എം സംവിധാനങ്ങള പരിശോധിക്കൽ<br>സി) എം.ഡി.എം കൈകാര്യം ചെയ്യുന്ന എസ്.എം.സി കളുടെയും എസ്.എച്ച്.ജി കളുടെയും മീറ്റിംഗ്<br>ഡി) വിദ്യാലയങ്ങൾ വൃത്തിയാക്കലും, സ്ക്കൂളുകളിൽ വൃക്ഷ തൈകൾ നട്ടുപിടിപ്പിലും<br>4. ആരോഗ്യ സംബന്ധമായ താഴെപറയുന്ന പ്രവൃത്തികൾ<br>എ) ഐ.സി.ഡി.എസ് സെന്ററുകളിലെ കുട്ടികളുടെ തൂക്കം കണക്കാക്കൽ. |

| | |
|---|---|
| | ബി) സ്ക്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തൽ<br>സി) ഐ.സി.ഡി.എസ് സെന്ററുകളിലെയും, സ്ക്കൂളുകളിലെയും പോഷകാഹാര കുറവിനെ കുറിച്ച് അവബോധം.<br>ഡി) വനിതാ ആരോഗ്യ പരിശോധന ക്യാമ്പുകൾ.<br>ഇ)എഫ്.എൻ.എച്ച്.ഡബ്ല്യുവിനോടൊപ്പം ആരോഗ്യ ക്യാമ്പെയിനുകൾ.<br>എഫ്) മേൽ പ്രവർത്തനങ്ങൾ ജി.എച്ച്.ജി കൾ, എ.എൻ.എം-കൾ,<br>ആശാ വർക്കർമാർ, ഐ.സി.ഡി.എസ് വർക്കർമാർ എന്നിരുടെ സഹായത്താൽ കോ-ഓർഡിനേറ്റ് ചെയ്യാവുന്നതാണ്. |
| 2017 ഒക്ടോബർ 8, 9 | കൃഷി സഭകൾ: ഗ്രാമപഞ്ചായത്തുകൾ കെ.വി.കെ-കളുടെയും, കൃഷി വികസന പ്രവർത്തകരുടെയും സഹായത്തോടെ ഉൽപാദനവും വൈവിധ്യമുളള ജീവനാവസരങ്ങളും മെച്ചപ്പെടുത്തുന്നതിൽ ഏകോപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കണം. അതിനോടനുബന്ധിച്ച് താഴെപറയുന്ന പരിപാടികൾ നടത്തണം:<br>1.മെച്ചപ്പെട്ട തരത്തിലുളള വിത്തുകളുടെയും ആധുനിക കാർഷിക സാങ്കേതികതകളെയും കുറിച്ചുളള അവബോധം നൽകൽ.<br>2. ഏകോപനത്തിലൂടെ അധിക സാമ്പത്തിക സ്രോതസ്സുകളായി ക്ഷീരശാലകൾ, കോഴിവളർത്തൽ കേന്ദ്രങ്ങൾ, മീൻവളർത്തൽ കേന്ദ്രങ്ങൾ എന്നിവയെ വളർത്തികൊവരുന്നത് സംബന്ധിച്ച പരിപാടികൾ.<br>3.പ്രത്യേക സ്ത്രീസഭ, എസ്.എച്ച്.ജി അംഗങ്ങളുടെ മീറ്റിംഗ്<br>4.സാനിട്ടേഷൻ ഡ്രൈവിന്റെ ഭാഗമായി വെർമി കമ്പോസ്റ്റ് കുഴികൾ തയ്യാറാക്കൽ.<br>5. ഗ്രാമങ്ങൾക്കുവേിയുളള മൈക്രോ ക്രെഡിറ്റ് പദ്ധതിയെകുറിച്ചുളള ചർച്ചകൾ.<br>6.മൂല്യ ചങ്ങല വികസനം.<br>7. ഉൽപാദക കമ്പനികളുടെ രൂപീകരണം. |
| 2017 ഒക്ടോബർ 10 | 1. ജി.പി.ഡി.പി യുടെ വിശദമായ അവലോകനവും നടപ്പിലാക്കുന്നതിനെ കുറിച്ചുളള ചർച്ചയും<br>2. എഫ്.എഫ്.സി, എസ്.എഫ്.സി മറ്റു ഗവൺമെന്റ് ഫുകൾ എന്നിവയിൽ നിന്നുളള സാമ്പത്തിക സ്രോതസ്സുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.<br>3.പൂർത്തീകരിച്ച വർക്കുകളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പരിപാടി. |
| 2017 ഒക്ടോബർ 11 | 1)മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് |

| | |
|---|---|
| | പദ്ധതിയുടെ കർമ്മ പദ്ധതി തയ്യാറാക്കൽ<br>2) എസ്.എൽ.ഡബ്ല്യു.എം-ൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനുള്ള പരിപാടി.<br>3.വാട്ടർ കൺസർവേഷനിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനുള്ള കർമ്മ പദ്ധതി. |
| 2017 ഒക്ടോബർ 12 | 1.പി.എം.എ.വൈ.ജി ഗുണഭോക്തൃ ലിസ്റ്റ് വായിക്കൽ.<br>2. .പി.എം.എ.വൈ.ജി ഭൂമി പൂജയും, ഉദ്ഘാടനവും.<br>3.വിവിധ പദ്ധതികളിലെ വ്യക്തിഗത ആനുകൂല്യങ്ങൾ.<br>എ) വാർദ്ധക്യ പെൻഷൻ/ മറ്റു പെൻഷനുകൾ, സ്കോളർഷിപ്പ്, ഭക്ഷണ വിതരണം, പാചക വാതകം, സൗരോർജ വൈദ്യുതീകരണം എന്നിവ വെരിഫൈ ചെയ്യുന്നതിനുള്ള പരിപാടികൾ<br>ബി) വിട്ടുപോയ ഗുണഭോക്താക്കളെ തിരിച്ചറിയൽ.<br>4) തുകകൾ സമയത്തിന് നൽകിയിട്ടുണ്ടോയെന്ന് ഗുണഭോക്താക്കളിൽ നിന്ന് അറിയുന്നതിനുള്ള പരിപാടി. |
| 2017 ഒക്ടോബർ 13, 14 | 1. നൈപുണ്യങ്ങൾ<br>എ) യുവജനങ്ങളുടെ രജിസ്ട്രേഷനും, നൈപുണ്യ വികസന ക്യാമ്പുകളും<br>ബി) പി.ഐ.എ കൾ/തൊഴിലുടമകൾ എന്നിവരുടെ ഉദ്യോഗാർത്ഥികളുമായി സംവദിക്കൽ |
| 2017 ഒക്ടോബർ 15 | 1. നടപടി റിപ്പോർട്ടിന്റെ അവതരണം<br>2.സാധ്യമാകുന്നയിടത്ത് ഗ്രാമപഞ്ചായത്ത് റാങ്കിംഗ് ഷെയർ ചെയ്യൽ |

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾക്ക് ജില്ലാതല ഉദ്യോഗസ്ഥർ നേതൃത്വം നൽകുന്നതിനും റിപ്പോർട്ടുകൾ (Photo സഹിതം) വകുപ്പ് തലവന്മാർ മുഖേന സർക്കാരിൽ സമർപ്പിക്കുന്നതിനും "ശുചിത്വ-മാലിന്യ സംസ്കരണ" മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന ശുചിത്വമിഷന് നേരിട്ട് ലഭ്യമാക്കാനും നിർദ്ദേശിക്കുന്നു. ഇതിനായി 10,000/- രൂപയിൽ അധികരിക്കാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കുന്നതിനും അനുമതി നൽകുന്നു.

മിനിമോൾ എബ്രഹാം

അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും(നഗരസഭാ ഡയറക്ടർ മുഖേന).

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(ഗ്രാമവികസനകമ്മീഷണർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, പനവിള ജംഗ്ഷൻ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ).

എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും.

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.